# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 458

11.06.2013-ൽ മറുപടിക്ക്

## വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിക്കാൻ നിയോഗിച്ച കമ്മിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിക്കാൻ നിയോഗിച്ച കമ്മിറ്റി പഠനം പൂർത്തിയാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) കേരളത്തിലെ വായ്പാ സഹകരണ സംഘങ്ങളുടെ പ്രവർത്തനം പഠിക്കാൻ നിയോഗിച്ച ശ്രീ. കരകുളം കൃഷ്ണപിള്ള ചെയർമാനായുള്ള കമ്മിറ്റി പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) കമ്മിറ്റി കണ്ടെത്തിയിട്ടുള്ള പ്രധാന നിരീക്ഷണങ്ങൾ എന്തെല്ലാം ; വ്യക്തമാക്കുമോ ; | (ബി) കമ്മിറ്റി കണ്ടെത്തിയിട്ടുള്ള പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.<br>1) ജില്ലാ സഹകരണ ബാങ്കിൽ ജില്ലയിലെ എല്ലാത്തരം സഹകരണ സംഘങ്ങൾക്കും അംഗത്വം നൽകണം.<br>2) കേരളത്തിലെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ വിതരണം ചെയ്യുന്ന കാർഷിക വായ്പയുടെ തോത് കുറഞ്ഞു വരുന്നു.<br>3) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ നഷ്ടം വർദ്ധിക്കുന്നു.<br>4) സഹകരണ നിയമത്തിലെ 80- ാം വകുപ്പ് പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ അശാസ്ത്രീയമാണ്.<br>5) 97- ാം ഭരണ ഘടനാ ഭേദഗതി നിർദ്ദേശിക്കുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനാവശ്യമായ നിയമ ഭേദഗതി വരുത്തണം.<br>6) നിലവാരമില്ലാത്ത ഭരണകർത്താക്കൾ, നടത്തിപ്പ് എന്നിവയാണ് സഹകരണ സംഘങ്ങളുടെ നഷ്ടത്തിന് പ്രധാന കാരണങ്ങൾ. |

7) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടി നെക്കാൾ പ്രയോജനകരമായ പാക്കേജ് സംസ്ഥാന സർക്കാർ ഉണ്ടാക്കി നടപ്പിലാക്കുകയോ, കേന്ദ്ര സർക്കാരിൽ സമർപ്പിച്ച് സഹായം വാങ്ങി നടപ്പിലാക്കുകയോ ചെയ്യണം.
8) സഹകരണ ബാങ്കുകളിൽ കമ്പ്യൂട്ടറൈ സേഷനും കോർ ബാങ്കിംഗും പൂർണ്ണ മായും നടപ്പിലാക്കാൻ കഴിഞ്ഞില്ല.

(സി) സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനായി കമ്മിറ്റി നൽകിയിട്ടുള്ള ശുപാർ ശകൾ എന്തെല്ലാം ; വ്യക്തമാക്കുമോ ?

(സി) സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനായി കമ്മിറ്റി നൽകിയിട്ടുള്ള പ്രധാന പ്പെട്ട ശുപാർശകൾ ചുവടെ ചേർക്കുന്നു.

1) സഹകരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പ് വാർഡ് അടിസ്ഥാ നത്തിൽ നടത്തണം.
2) ഭരണസമിതിയിൽ നിക്ഷേപകരുടെ പ്രതിനിധികളെയും പ്രൊഫഷണലുക ളെയും ഉൾപ്പെടുത്തണം.
3) സഹകരണ ബാങ്കുകളിലെ എസ്.ബി നിക്ഷേപകർക്ക് ദിവസവും പലിശ നൽകുന്ന രീതി നടപ്പിലാക്കുക.
4) വനിതകളുടെ സീറ്റിൽ വനിതകൾ മാത്രം വോട്ടു ചെയ്യുന്ന രീതി നടപ്പിലാക്കുക.
5) സഹകരണ ബാങ്കുകൾ നൽകുന്ന വായ്പ കുടിശ്ശിക ആയാൽ ഈടാക്കുന്നതിന് കാലപരിധി നിശ്ചയിക്കുക.
6) സർഫാസി നിയമത്തിന്റെ മാതൃകയിൽ സഹകരണ സംഘങ്ങൾക്ക് ബാധക മായ നിയമം രൂപീകരിക്കുക.
7) പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ ആകെ വായ്പയിൽ ഒരു നിശ്ചിത ശതമാനം കാർഷിക വായ്പ നൽകണമെന്ന വ്യവസ്ഥ കൊണ്ടു വരിക.
8) സഹകരണ സംഘങ്ങളിൽ കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്ന വ്യക്തികൾക്ക് ഗ്രീൻ കാർഡ് നൽകുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവരിക.
9) പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കോർ ബാങ്കിംഗ് സൗകര്യം ഏർപ്പെടുത്തുക.

10) 97- ാം ഭരണഘടനാ ഭേദഗതിക്ക് അനുസൃതമായി കേരള സഹകരണ സംഘം നിയമത്തിൽ ഭേദഗതി വരുത്തുക.
11) വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ടിനെക്കാൾ പ്രയോജനകരമായ പാക്കേജ് സംസ്ഥാന സർക്കാർ ഉണ്ടാക്കി നടപ്പിലാക്കുക.
12) ജില്ലാ സഹകരണ ബാങ്ക് പ്രസിഡന്റുമാർ തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ ഇരിക്കാൻ അനുവദിക്കാത്ത രീതിയിൽ നിയമം കൊണ്ടുവരണം.
13) ജില്ലാ സഹകരണ ബാങ്കിലെ ജീവനക്കാർക്ക് വിദ്യാഭ്യാസ യോഗ്യതയിൽ ഇളവ് നൽകി പ്രമോഷൻ നൽകുന്ന രീതി പുന:പരിശോധിക്കണം.
14) കമ്പ്യൂട്ടർവൽക്കരണത്തിന് അനുസൃതമായ രീതിയിൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കണം.
15) ജില്ലാ സഹകരണ ബാങ്കുകളിൽ കോർ ബാങ്കിംഗ്, എ.റ്റി.എം, ഫണ്ട് ട്രാൻസ്ഫർ തുടങ്ങിയവ നടപ്പിലാക്കണം.
16) സഹകരണ ബാങ്കുകളിൽ നിയമനത്തിനുള്ള കുറഞ്ഞ യോഗ്യത ഡിഗ്രിയും ജെ.ഡി.സി അല്ലെങ്കിൽ എച്ച്.ഡി.സി പാസ്സായിരിക്കണം.

സെക്ഷൻ ഓഫീസർ